(സി) വരയാടുകളുടെ സംരക്ഷണാർത്ഥം മൃഗവേട്ട തടയുന്നതിന് ആന്റി പോച്ചിംഗ് ക്യാമ്പുകൾ പ്രവർത്തനക്ഷമമാക്കുകയും ഫീൽഡ് പട്രോളിംഗ് ഊർജ്ജിത മാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മൃഗവേട്ട തടയുകയും വരയാടുകളുടെ ആവാസ വ്യവസ്ഥ പരിപോഷിപ്പി ക്കുകയും സംപൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തിയതും കാരണം വരയാടുകളുടെ എണ്ണം വർദ്ധിക്കുകയാണ്.

(ഇ) പരിശോധിച്ചുവരുന്നു.

പശ്ചിമഘട്ട വനമേഖലയിൽ വനാവരണത്തുടർച്ച നഷ്ടപ്പെടുന്നത് തടയുവാൻ നടപടി

124 [407] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പശ്ചിമഘട്ട വന മേഖലയിൽ വനാവരണത്തുടർച്ച നഷ്ടപ്പെട്ടിട്ടുള്ളത് ഏതൊക്കെ പ്രദേശങ്ങളിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വന്യജീവി ദേശാടനത്തെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം പ്രായോഗിക നടപടികളാണ് ഇപ്പോൾ ആവിഷ്കരിച്ചിട്ടു ള്ളത്;

(സി) തുടർച്ച നഷ്ടപ്പെട്ട് തുരുത്തുകളായി മാറുന്ന ശോഷിതവനങ്ങൾ അപൂർവ്വ ജീവിവർഗ്ഗങ്ങളുടെ വംശനാശത്തിനിടയാക്കുമെന്നതിനാൽ ഇത് നിയന്ത്രിക്കു വാൻ വനംവകുപ്പിന്റെ പുതുക്കിയ വർക്കിംഗ് പ്ലാനുകളിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ വനാവരണത്തുടർച്ച നഷ്ടപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ ജില്ലകളിലെ വനാ വരണത്തുടർച്ച നഷ്ടപ്പെട്ട സ്ഥലങ്ങൾ ആനത്താര പദ്ധതിപ്രകാരം ഏറ്റെടുക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 100% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ലഭ്യമായ ഫണ്ട് അനുസരിച്ച് വന്യജീവികളുടെ ദേശാടനത്തെ പ്രതികൂലമായി ബധിക്കുന്ന പല സ്ഥലങ്ങളിലും കണ്ണിയറ്റുപോയ ആവാസവ്യവസ്ഥകളെ കൂട്ടിയിണക്കുന്നതിനുപകരിക്കുന്ന കോറിഡോറുകൾ സ്വകാര്യഭൂമി പൊന്നുംവിലയ്ക്കെടുത്ത് രൂപീകരിച്ചിട്ടുണ്ട്.

(സി) സംരക്ഷണമേഖലയ്ക്ക് പുറത്തുള്ള ശോഷിത വനങ്ങളേയും, ടി വന ങ്ങളിൽ ഉള്ള അപൂർവ ജീവികളേയും പരിരക്ഷിക്കുന്നതിനുവേണ്ടി അവയുടെ ആവാസ വ്യവസ്ഥ പരിപോഷിപ്പിക്കുക, മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുക, പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക, ഫീൽഡ് പട്രോളിംഗ് ഊർജ്ജിത പ്പെടുത്തുക എന്നീ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly